**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2286 — 18.06.2014-ൽ മറുപടിയ്ക്ക്

**<u>പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ,<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.വി.ശിവൻകുട്ടി** | **ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മുൻപ് പ്രഖ്യാപിച്ചിരുന്ന ഇടുക്കി, വയനാട്, കോന്നി, തിരുവനന്തപുരം, ഹരിപ്പാട് എന്നിവിടങ്ങളിലെ പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | (1) ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രാരംഭനിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ആദ്യ പരിശോധന 2014 മെയ് മാസം 26, 27 തീയതികളിൽ നടന്നു.<br>(2) വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി 50 ഏക്കർ സ്ഥലം ചന്ദ്ര പ്രഭാ ചാരിറ്റബിൾ ട്രസ്റ്റ് സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ കൈമാറ്റത്തിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.<br>(3) കോന്നി മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>(4) തിരുവനന്തപുരത്ത് ജനറൽ ആശുപത്രിയേയും തൈക്കാട് കുട്ടികളുടെ ആശുപത്രിയേയും സംയോജിപ്പിച്ച് പുതുതായി തുടങ്ങുന്ന മെഡിക്കൽ കോളേജിനു വേണ്ടി സർക്കാർ 190,53,79,000/- രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു.<br>(5) ഹരിപ്പാട് മെഡിക്കൽ കോളേജ് നടത്തിപ്പിനു വേണ്ടി 'ഇൻഫ്രാമെഡ്' എന്ന കമ്പനി രജിസ്റ്റർ ചെയ്തു. കായംകുളം താപവൈദ്യുതനിലയത്തിന്റെ കീഴിൽ ഉപയോഗിയ്ക്കാതെ കിടക്കുന്ന 25 ഏക്കർ സ്ഥലത്താണ് നിർദ്ദിഷ്ട മെഡിക്കൽ കോളേജ് സ്ഥാപിക്കുവാനുദ്ദേശിക്കുന്നത്. ബഹു.കേരള ഹൈക്കോടതിയുടെ തടസ്സം നിലനിൽക്കുന്നതിനാൽ സ്ഥലം കൈമാറ്റ നടപടികൾക്ക് പുരോഗതി ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്; എപ്പോൾ പ്രവർത്തനം തുടങ്ങാനാകുമെന്നാണ് കണക്കാക്കുന്നത്; | (ബി) | മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി ലഭിച്ചാൽ ഇടുക്കി മെഡിക്കൽ കോളേജിൽ 2014 അദ്ധ്യയന വർഷം 50 എം.ബി.ബി.എസ് കുട്ടികളെ പ്രവേശിപ്പിക്കുവാൻ കഴിയും. 2015 അദ്ധ്യയന വർഷം ലക്ഷ്യമാക്കിയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നടപടികൾ പുരോഗമിക്കുന്നത്. കോന്നി മെഡിക്കൽ കോളേജ്, 2016 ൽ എം.ബി.ബി.എസ് ആദ്യവർഷ ക്ലാസ്സിന് സജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു. ഹരിപ്പാട്, വയനാട് മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (സി) | പ്രഖ്യാപനത്തിനനുസൃതമായി ബജറ്റിൽ തുക വകയിരുത്തിയിരുന്നോ; | (സി) | ഇടുക്കി, വയനാട്, കോന്നി, തിരുവനന്തപുരം എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇവ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് തുകയും നീക്കിവെച്ചിരുന്ന തുകയും ചെലവഴിച്ചതെത്രയെന്നും അറിയിക്കാമോ? | (ഡി) | കോന്നി മെഡിക്കൽ കോളേജ് - 167.33 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>തിരുവനന്തപുരം മെഡിക്കൽ കോളേജ് - 190,53,79,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ഇടുക്കി മെഡിക്കൽ കോളേജ് - 15.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| മെഡിക്കൽ കോളേജ് | ബഡ്ജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| ഗവ.മെഡിക്കൽ കോളേജ്, ഇടുക്കി (4210-03-105-66) | ₹.282 lakh (Plan) & ₹.343 lakh (One Time ACA)Plan (2012-13)<br>₹.250 lakh (Plan) (2013-14)<br>₹.500 lakh (SDG 2014)<br>₹.250 lakh (Plan) (2014-15) | ₹.1,25,00,000/- | ₹.1,25,00,000/- |
| | | ₹.2,81,54,308/- | ₹.2,81,54,308/- |
| | | ₹.18,45,692/- | Not disbursed |
| ഗവ.മെഡിക്കൽ കോളേജ്, കോന്നി (4210-03-105-64) | ₹.625 lakh (Plan) (2012-13)<br>₹.250 lakh (Plan) (2013-14)<br>₹.250 lakh (Plan) (2014-15)<br>₹.143 Crore – NABARD Assistance | ₹.4,91,60,000/- | ₹.2,70,87,410/- |
| | | | ₹.1,79,65,886/- |
| | | ₹.16 Crore<br>₹.19.98 Crore – NABARD Assistance | ₹.14,32,04,548/- |
| ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം (4210-01-110-49-01) | ₹.5 Crore (Asset Management)<br>₹.3 Crore (New Construction) | ₹.190,53,79,000/-<br>AS Issued<br>No fund released | |
| ഗവ.മെഡിക്കൽ കോളേജ്, വയനാട് | ₹.5 Crore Budget speech 2014-15 para 227 | - | - |

SO